# കേരള സർക്കാർ

## കിർടാഡ്സ് വകുപ്പ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റസ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ( കിർടാഡ്സ് )

ചേവായൂർ.പി. ഒ , കോഴിക്കോട് - 17

ഫോൺ : 0495 - 2356805

ഫാക്സ് : 0495 - 2357329

ഇ – മെയിൽ : kirtads@gmail.com

വെബ്സൈറ്റ് : kirtads.kerala.gov.in

# ആമുഖം

ഗിരിവർഗ്ഗ ഗവേഷണ പരിശീലന കേന്ദ്രം എന്ന പേരിൽ ഹരിജനക്ഷേമ വകുപ്പിന്റെ ഭാഗമായി 1970 ഏപ്രിൽ മാസത്തിലാണ് ഇന്നത്തെ കിർടാഡ്സിന്റെ പ്രവർത്തനം ആരംഭിച്ചത്. പിന്നീട് ഗിരിജന ക്ഷേമവകുപ്പിന്റെ രൂപീകരണത്തോട് കൂടി 1979 ഒക്ടോബർ ആദ്യം വരെ ഗിരിജന ക്ഷേമവകുപ്പിന്റെ ഭാഗമായും പ്രവർത്തിച്ചു. 1979 ഒക്ടോബറിൽ **കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിങ്ങ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റസ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്)** എന്ന പേരിൽ ഒരു പ്രത്യേക വകുപ്പായി പുന:സംഘടിക്കപ്പെട്ടു. ഇതേ തുടർന്ന് ഇതിന്റെ പ്രവർത്തന മേഖല പട്ടികജാതിക്കാരെക്കുറിച്ചുള്ള പഠനങ്ങളിലേക്ക് കൂടി വ്യാപിച്ചു. ഇതൊരു പ്രത്യേക വകുപ്പായി രൂപീകരിക്കുന്നതിനു മുൻപ് നൂറുശതമാനവും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യതയിലാണ് പ്രവർത്തിച്ചു പോന്നിരുന്നത്. പ്രത്യേക വകുപ്പായതിനുശേഷം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50 : 50 എന്ന അനുപാത ക്രമത്തിലാണ് സാമ്പത്തിക ബാദ്ധ്യതകൾ ഏറ്റെടുത്ത് നടത്തിവരുന്നത്.

കിർടാഡ്സ് വകുപ്പ് പൂർണ്ണമായും കേരള സർക്കാറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലാണ് പ്രവർത്തിക്കുന്നത്. പട്ടിക വിഭാഗക്കാരുടെ ഉന്നമനത്തിനുവേ  ിയാണ് കിർടാഡ്സ് പ്രവർത്തിച്ചു വരുന്നത്. ആയതിനാൽ ഈ വകുപ്പിൽ നിന്നുള്ള സേവനങ്ങൾ അധികവും പട്ടിക വിഭാഗക്കാർക്കാണ് ലഭ്യമാകുന്നത്.

കിർടാഡ്സ് വകുപ്പിൽ നിന്നും പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും നൽകുന്ന സേവനങ്ങളും അവ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥയും സേവനങ്ങൾ നൽകാൻ വേ  ുന്ന സമയ പരിധിയും അവ നിർവ്വഹിക്കുന്ന ജീവനക്കാരുടെ വിവരങ്ങളുമടങ്ങുന്ന പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുന്നു.

സ്ഥലം. കോഴിക്കോട്

തീയ്യതി. 26.08.2008

ഡയറക്ടർ,

കിർടാഡ്സ്,

കോഴിക്കോട്

# കിർടാഡ്സിന്റെ പ്രവർത്തനങ്ങളും, ഉദ്ദേശ്യ ലക്ഷ്യങ്ങളും

ഈ വകുപ്പ് സെക്രട്ടറിയേറ്റിലെ പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സംസ്ക്കാരം, ജീവിതരീതി, വിദ്യാഭ്യാസം, മറ്റു മേഖലയിലുള്ള പുരോഗതി, ദൈനംദിന ജീവിത പ്രശ്നങ്ങൾ എന്നിവയെപ്പറ്റി അടിസ്ഥാനപരമായി ഗവേഷണങ്ങൾ നടത്തി അവരുടെ സർവ്വതോന്മുഖമായ പുരോഗതിയെ ലക്ഷ്യമാക്കി വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ആസൂത്രണരംഗത്ത് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുക, ഇത്തരം വികസനപ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും പട്ടികവിഭാഗ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥന്മാർക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സംസ്ക്കാരം, ജീവിതരീതി, അവരുടെ പുരോഗതി പ്രക്രിയയിലുള്ള പ്രശ്നങ്ങൾ എന്നിവയിൽ വേ ത്ര അറിവ് നൽകുന്നതിനുതകുന്ന വിധത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, പട്ടികജാതി പട്ടികവർഗ്ഗ യുവാക്കൾക്കും നേതാക്കൾക്കും സർക്കാറിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഭരണഘടന നൽകുന്ന പ്രത്യേകാവകാശങ്ങളെയും സംരക്ഷണങ്ങളെയും കുറിച്ച് ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിലും നേതൃത്വപരിശീലനം നൽകുക, ആദിവാസികളുടെ ചികിൽസാ സമ്പ്രദായത്തെ ക്കുറിച്ചു പഠിക്കുന്നതോടൊപ്പം അവർ ഉപയോഗിച്ചു വരുന്ന പച്ചമരുന്നുകൾ തിരിച്ചറിയുവാനും ശേഖരിക്കുവാനും ഉപയോഗിക്കുവാനും വിപണനം ചെയ്യുവാനും പട്ടികവർഗ്ഗ യുവാക്കൾക്ക് അവരുടെ മൂപ്പന്മാരുടെ സഹായത്തോടെ പരിശീലനം നൽകുക തുടങ്ങിയ പരിശീലനപരിപാടികളും; വികസനപദ്ധതികൾ എത്ര ക ് അവർക്ക് പ്രയോജനപ്രദമായിട്ടു ന്ന് വിലയിരുത്തുക, ഇത്തരം പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ കടന്നു കൂടിയിട്ടു ങ്കിൽ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊ ുള്ള വിലയിരുത്തൽ പഠനങ്ങൾ നടത്തുക, അനർഹമായി പട്ടിക ജാതി പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കാനുള്ള പ്രവണതയോടെ ഇതര വിഭാഗക്കാർ നടത്തിവരുന്ന ജാതിമാറ്റ സമ്പ്രദായം അന്വേഷണവിധേയമാക്കി, അത്തരക്കാരെ നിരുൽസാഹപ്പെടുത്തുവാനും പുറത്താക്കാനും പഠനങ്ങൾ നടത്തുക, തുടങ്ങിയവയാണ് കിടർടാഡ്സിന്റെ പ്രധാന പ്രവർത്തനങ്ങളും ഉദ്ദേശ്യ ലക്ഷ്യങ്ങളും. 1996 ലെ കേരള (പട്ടികജാതി പട്ടികവർഗ്ഗ ഗോത്രവർഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ട് 11 അനുസരിച്ച് ഈവകുപ്പിലെ നരവംശശാസ്ത്ര വിഭാഗത്തെ ഒരു വിദഗ്ധ ഏജൻസിയായി അംഗീകരിച്ചിട്ടു ്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകൾ, നൃത്തങ്ങൾ, കരകൗശല വൈദഗ്ധ്യം തുടങ്ങിയവ പരിപോഷിപ്പിക്കുക, ഗോത്ര സംസ്കാരം പ്രതിബിംബിപ്പിക്കുന്ന മ്യൂസിയം സജ്ജീകരിക്കുക തുടങ്ങിയവയും ഈ വകുപ്പിന്റെ പ്രവർത്തന മേഖലകളാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ വകുപ്പിലെ ഗവേഷണ വിഭാഗം, പരിശീലനവിഭാഗം, വികസന പഠന വിഭാഗം, ഭാഷാവിഭാഗം എന്നീ മുഖ്യവിഭാഗങ്ങൾ വഴി നടപ്പിൽ വരുത്തിക്കൊ ിരിക്കുന്നു.

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇതരവകുപ്പുകളിൽ നിന്നും വ്യത്യസ്തമായ ഒരുഘടനയാണ് ഈ വകുപ്പിനുള്ളത്. ഇതിന്റെ പ്രവർത്തനമേഖല സംസ്ഥാന വ്യാപകമാണെങ്കിലും ഇതര വകുപ്പുകൾക്കുള്ളതുപോലെ മേഖലാടിസ്ഥാനത്തിലോ, ജില്ലാടിസ്ഥാനത്തിലോ ഓഫീസുകൾ ഈ വകുപ്പിനില്ല. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും ആസ്ഥാനമായ കോഴിക്കോട് കേന്ദ്രമായാണ് നടത്തിവരുന്നത്.

ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ ഭരണ നിർവ്വഹണ വിഭാഗം, ഗവേഷണ വിഭാഗം,പരിശീലന വിഭാഗം, വികസന പഠന വിഭാഗം, ആദികലാഗ്രാമം എന്നിങ്ങനെ അഞ്ചു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

പട്ടിക വിഭാഗക്കാരുടെ പ്രചുര പ്രചാരത്തിലല്ലാത്ത കലാരൂപങ്ങൾ ക ത്തുവാനും മറ്റു കലാരൂപങ്ങൾക്കൊപ്പം അവയെ പരിപോഷിപ്പിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ ഈ വകുപ്പിന്റെ ആദികലാഗ്രാമത്തിൽ നടത്തുന്നു. പട്ടിക വിഭാഗക്കാരുടെ സാംസ്ക്കാരിക തനിമ അവരുടെ പാരമ്പര്യ അറിവുകൾ സാങ്കേതിക വിദ്യ മുതലായവ പ്രതിഫലിക്കുന്ന വസ്തുക്കളുടെ ശേഖരവും, മൾട്ടിമീഡിയ പ്രദർശനം നടത്തുന്ന മ്യൂസിയവും കിർടാഡ്സ് ക്യാമ്പസിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ നരവംശശാസ്ത്രം, ഭാഷാശാസ്ത്രം, സാമൂഹിക ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണ സൗകര്യമുള്ളതാണ് കിർടാഡ്സ് ലൈബ്രറി. പതിനായിരത്തിലധികം പുസ്തക സഞ്ചയം ഉള്ള ഈ ലൈബ്രറിയിൽ മുപ്പതോളം ദേശീയ അന്തർദേശീയ ജേർണലുകളുടെ വായനാ സൗകര്യവും ലഭ്യമാണ്.

***

## പൗരന്മാർക്കും ഇതര വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന സേവനങ്ങളെ സംബന്ധിച്ച വിവരം

| ക്രമ നം. | ഇനം | ഹാജരാക്കേ രേഖകൾ | പൊതുജനങ്ങൾക്ക് ലഭിക്കാൻ എടുക്കുന്ന പരമാവധി സമയം |
|---|---|---|---|
| 1. | 1996 ലെ ആക്ട് 11 പ്രകാരം ഉള്ള ജാതി സംബന്ധമായ അന്വേഷണം, ജാതി സംബന്ധമായ കേസ്സുകൾക്ക് സംശയ നിവാരണം, സർക്കാറിൽ നിന്നും വരുന്ന സംശയാസ്പദമായ കേസ്സുകളിൽ അന്വേഷണം. | വംശാവലി<br><br>നരവംശശാസ്ത്രപരമായ മറ്റ് രേഖകൾ | മൂന്ന് മാസം |
| 2. | വകുപ്പിലെ മ്യൂസിയം പൊതുജനങ്ങൾക്ക് എല്ലാ പ്രവൃത്തി ദിവസവും കാണാവുന്നതാണ് | - | - |
| 3. | ലൈബ്രറിയിലെ സെൻസസ് റിപ്പോർട്ടുകൾ അടക്കമുള്ള പുസ്തകങ്ങളുടെയും ജേർണലുകളുടെയും വർത്തമാന പത്രങ്ങളുടെയും റഫറൻസ് | രജിസ്റ്ററിൽ വ്യക്തിപരമായ വിവരങ്ങൾ നൽകണം. | - |
| 4. | കിർടാഡ്സ് പ്രസിദ്ധീകരണങ്ങളുടെ വിൽപന | വില ഓഫീസിൽ അടക്കണം | - |

ഈ വകുപ്പിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തസ്തികകകളുടെ പേര് | ശമ്പള സ്കെയിൽ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| **എ. ഗസറ്റഡ് തസ്തിക** | | | |
| 1. | ഡയറക്ടർ | 81000-117600 | 1 |
| 2. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 45800-89000 | 1 |
| 3. | ഫിനാൻസ് ഓഫീസർ | 45800-89000 | 1 |
| 4. | ഡെപ്യൂട്ടി ഡയറക്ടർ ( ട്രെയിനിംഗ് ) | 45800-89000 | 1 |
| 5. | ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രോപ്പോളജി) | 45800-89000 | 1 |
| 6. | ഡെപ്യൂട്ടി ഡയറക്ടർ ( ഡവലപ്പ്മെന്റ് സ്റ്റഡീസ് ) | 45800-89000 | 1 |
| 7. | ലക്ചറർ | 39500-83000 | 3 |
| 8. | റിസർച്ച് ഓഫീസർ(ആന്ത്രോപ്പോളജി) | 39500-83000 | 7 |
| 9. | റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്) | 39500-83000 | 1 |
| 10. | കംപ്യൂട്ടർ ഓപ്പറേറ്റർ | 36600-79200 | 1 |
| **ബി. നോൺ ഗസറ്റഡ് തസ്തിക** | | | |
| 11. | സ്റ്റാറ്റിസ്റ്റിഷ്യൻ | 29200-62400 | 1 |
| 12. | റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | 27800-59400 | 3 |
| 13. | റിസർച്ച് അസിസ്റ്റന്റ്(ആന്ത്രോപ്പോളജി) | 27800-59400 | 5 |
| 14. | റിസർച്ച് അസിസ്റ്റന്റ് ( ലിംഗ്വിസ്റ്റിക്സ്) | 27800-59400 | 1 |
| 15. | കാർട്ടോഗ്രാഫർ | 27800-59400 | 1 |
| 16. | ലൈബ്രേറിയൻ ഗ്രേഡ് - 3 | 27800-59400 | 1 |
| 17. | ക്യൂറേറ്റർ | 25200-54000 | 1 |
| 18. | ഇൻവെസ്റ്റിഗേറ്റർ((ആന്ത്രോപ്പോളജി/ സോഷ്യോളജി) | 25200-54000 | 6 |
| 19. | ജൂനിയർ സൂപ്ര | 35700-75600 | 1 |
| 20. | യു.ഡി. ക്ലാർക്ക് | 25200-54000 | 2 |
| 21. | യു.ഡി. ടൈപ്പിസ്റ്റ് | 25200-54000 | 1 |
| 22. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 20000-45800 | 1 |
| 23. | എൽ.ഡി. ക്ലാർക്ക് | 19000-43600 | 2 |
| 24. | എൽ.ഡി. ടൈപ്പിസ്റ്റ് | 19000-43600 | 2 |
| 25. | ഡ്രൈവർ | 20000-45800 | 4 |
| 26. | മ്യൂസിയം അറ്റന്റന്റ് | 17000-37500 | 1 |
| 27. | റിക്കാർഡ് അറ്റന്റർ | 17000-37500 | 1 |
| 28. | പ്യൂൺ | 16500-35700 | 4 |
| 29. | വാച്ച്മേൻ | 16500-35700 | 1 |
| 30. | നൈറ്റ് വാച്ച്മേൻ | 16500-35700 | 1 |
| 31. | സ്വീപ്പർ .. കം.. വാച്ച്മേൻ | 17000-37500 | 1 |
| 32. | പാർട്ട് ടൈം.. സ്വീപ്പർ | 8500-13210 | 1 |
| **ആകെ** | | | **60** |